ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം — 14

നമ്പർ. ബി$_4$-12664/2017/ഡി.ഐ.എം.എസ്. തീയതി: 19.06.2017

# സർക്കുലർ

വിഷയം:- ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് –വ്യാപകമായ പനി – നിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സംസ്ഥാനത്താകമാനം പടർന്നുപിടിച്ചുകൊണ്ടിരിക്കുന്ന പനിയെ പ്രതിരോധിക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. മെഡിക്കൽ ഓഫീസർമാർ, മറ്റ് ഇതര ജീവനക്കാർ എന്നിവർ കൃത്യസമയത്ത് ആശുപത്രി/ഡിസ്പെൻസറികളിൽ ഹാജരാകേണ്ടതും രോഗികൾക്കാവശ്യമായ പരിചരണം നൽകേണ്ടതും ആവശ്യമായി വരുന്നപക്ഷം കൂടുതൽ സമയം ജോലി ചെയ്യേണ്ടതുമാണെന്നും നിർദ്ദേശിക്കുന്നു. അത്യാവശ്യഘട്ടങ്ങളിൽ മാത്രം ജീവനക്കാർക്ക് അവധി അനുവദിക്കുക.

2. മരുന്നുകളുടെ കുറവുകൾ എന്തെങ്കിലും ഉള്ളപക്ഷം അതാത് സ്റ്റോറുകളും/സെൻട്രൽ സ്റ്റോറുമായി ബന്ധപ്പെട്ട് മരുന്നുകൾ സ്വരൂപിക്കേണ്ടതാണ്. ആവശ്യമുള്ള മരുന്നുകൾ ഡയറക്ടറേറ്റിൽ നിന്ന് നൽകുന്നതാണ്.

3. അടിയന്തിരഘട്ടങ്ങളിൽ ലോക്കൽ പർച്ചേയ്സ് വഴി മരുന്ന് വാങ്ങുക.

4. ഇ.എസ്.ഐ. സ്ഥാപനങ്ങളും പരിസരവും ശുചിയായി സൂക്ഷിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

Ajeeta Nair B

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ